بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khuthba Khulasa 31.08.18 ഖുത്ബ സംഗ്രഹം

## സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്

31.08.18 ന് ബൈത്തുൽ ഫുത്തൂഹ് ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം

**നബി(സ)തിരുമേനിയുടെ ഉന്നതസ്ഥാനീയരായ നബദരീസഹാബീവര്യന്മാരുടെ എന്നിവരുടെ വിശ്വാസം തുളുമ്പുന്ന, ഹൃദയഹാരിയായ ചരിത്രസംഭവങ്ങൾ.**

തശഹ്ഹുദും തഅവ്വുദും സൂറ ഫാതിഹയും ഓതിയതിനു ശേഷം സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാ പറഞ്ഞു:

ഒരു ബദരീ സഹാബിയായിരുന്നു ഹദ്റത്ത് ഉമൈർ ബ്നു അബീ വഖാസ്. ഹിജ്റ 2ന് ബദർ യുദ്ധത്തിലാണ് അദ്ദേഹം ശഹാദത്ത് വരിച്ചത്. ഹദ്റത്ത് സഅദ് ബ്നു അബീ വഖാസിന്റെ ഇളയ സഹോദരനായിരുന്ന ഹദ്റത്ത് ഉമൈർ(റ) ആദ്യകാല മുസ്‌ലിംകളിൽ ഉൾപ്പെടുന്നു. ഹംന ബിൻത് സുഫ്‌യാൻ എന്നായിരുന്നു അദ്ദേഹത്തിന്റെ മാതാവിന്റെ പേര്. ബനൂസുഹ്‌റ ഗോത്രക്കാരനായിരുന്ന അദ്ദേഹം ബദർ യുദ്ധത്തിൽ പങ്കെടുക്കുകയും ശഹീദാവുകയുമായിരുന്നു. നബി(സ)തിരുമേനി ഹദ്റത്ത് ഉമൈറും (റ) ഹദ്റത്ത് അംറ് ബ്നു മആദും തമ്മിൽ സാഹോദര്യബന്ധം സ്ഥാപിച്ചു. ബദർ യുദ്ധത്തെക്കുറിച്ച് എഴുതുന്നു: മദീനയിൽ നിന്ന് അല്പം ദൂരം ചെന്നപ്പോൾ സൈന്യത്തെ പരിശോധിക്കുന്നതിനായി താവളമടിക്കാൻ നബി(സ)തിരുമേനി കല്പന നല്കി. നബി(സ) തിരുമേനിയോടൊപ്പം യുദ്ധത്തിൽ പങ്കെടുക്കാൻ താത്പര്യപൂർവം വന്ന പ്രായം കുറഞ്ഞ കുട്ടികളെ തിരിച്ചയച്ചു. സഅദ് ബ്നു അബീ വഖാസിന്റെ ഇളയസഹോദരൻ ഉമൈറിനും ചെറുപ്രായമായിരുന്നു. കുട്ടികൾ തിരിച്ചു പോകണമെന്ന കല്പന കേട്ടപ്പോൾ അദ്ദേഹം സൈന്യത്തിൽ അങ്ങിങ്ങായി ഒളിച്ചു നിന്നു. ഒടുവിൽ അദ്ദേഹത്തിന്റെ ഊഴമെത്തിയപ്പോൾ അദ്ദേഹത്തെ തിരിച്ചയക്കണമെന്ന് തിരുമേനി കല്പിച്ചു. ഇതുകേട്ടപ്പോൾ ഉമൈർ കരയാൻ തുടങ്ങി. പിന്നീട് അദ്ദേഹത്തിന്റെ ഉത്ക്കടമായ താത്പര്യം കണ്ടപ്പോൾ നബി(സ) ബദർ യുദ്ധത്തിൽ പങ്കെടുക്കാൻ അനുവാദി നല്കി. ഇദ്ദേഹത്തിന് വലിയ വാൾ ഉണ്ടായിരുന്നു. നബി(സ) തന്റെ തിരുകരങ്ങൾ കൊണ്ട് അദ്ദേഹത്തിന് വാളുറ കെട്ടിക്കൊടുത്തു എന്ന് ഒരു നിവേദനമുണ്ട്. ബദർ യുദ്ധത്തിൽ ശഹീദാകുമ്പോൾ ഹദ്റത്ത് ഉമൈറിന്റെ പ്രായം 16 വയസ്സായിരുന്നു.

ഞാൻ സ്മരിക്കാൻ പോകുന്ന രണ്ടാമത്തെ സഹാബി ഖത്ബ ബ്ൻ ആമിർ ആണ്. ആമിർ ബ്നു ഹദീദിന്റെ മകനായിരുന്ന ഇദ്ദേഹം അൻസാരിയാണ്. ഹദ്റത്ത് ഉസ്മാന്റെ(റ) കാലത്താണ് ഇദ്ദേഹം വഫാത്താകുന്നത്. മാതാവിന്റെ പേര് സൈനബ് ബിൻത് അംറു എന്നാണ്. ഭാര്യ ഉമ്മെ അംറുവിൽ ഉമ്മെ ജമീൽ എന്ന മകളുണ്ട്. രണ്ടു ഉടമ്പടികളിലും അദ്ദേഹം പങ്കെടുത്തിരുന്നു. മക്കയിൽ വന്ന് നബി(സ)തിരുമേനിയിൽ വിശ്വസിച്ച ആറ് അൻസാറുകളിൽ അദ്ദേഹം ഉൾപ്പെടുന്നു. ഇവർക്കു മുൻപ് അൻസാറുകളിൽ നിന്ന് ആരും മുസ്‌ലിംകളായി ഉണ്ടായിരുന്നില്ല.

നബി(സ)തിരുമേനിയുടെ സഹാബാക്കളിൽ വിദഗ്ദ്ധരായ വില്ലാളിവീരന്മാരിലാണ് ഹദ്റത്ത് ഖത്ബ എണ്ണപ്പെടുന്നത്. ബദർ,ഉഹ്ദ്, ഖന്തക്ക് തുടങ്ങിയ മറ്റെല്ലാ യുദ്ധങ്ങളിലും അദ്ദേഹം തിരുമേനിയോടൊപ്പം പങ്കെടുത്തു. ഉഹ്ദ് യുദ്ധത്തിൽ ധീരതയോടെ അദ്ദേഹം പൊരുതി. അന്നദ്ദേഹത്തിന് ഒമ്പത് മുറിവുകളാണ് ഏറ്റത്.. മക്കാവിജയ വേളയിൽ ബനൂസൽമ ഗോത്രത്തിന്റെ പതാക അദ്ദേഹത്തിന്റെ കൈകളിലായിരുന്നു. ബദർ യുദ്ധ വേളയിൽ അദ്ദേഹം രണ്ടു സൈന്യനിരകൾക്കിടയിൽ കല്ലു വെച്ചു കൊണ്ട് ഈ കല്ല് ഇവിടുന്ന് ഓടിപ്പോകുന്നതു വരെ താൻ ഓടിപ്പോകുന്നതല്ല എന്നു പറഞ്ഞു. അതായത്, ജീവൻ പോകുന്നെങ്കിൽ പോകട്ടെ, യുദ്ധഭൂമി വിട്ടോടുകയില്ല എന്ന് വ്യവസ്ഥ ചെയ്തു. അതായിരുന്നു അദ്ദേഹത്തിന്റെ സ്ഥൈര്യത്തിന്റെ അവസ്ഥ. രണ്ടാം ഉഖ്ബ ഉടമ്പടിയിൽ 70 അൻസാറുകളോടൊപ്പം പങ്കെടുത്ത യസീദ് ബ്നു ആമിർ ആയിരുന്നു ഇദ്ദേഹത്തിന്റെ സഹോദരൻ. ഹദ്റത്ത് ഉമറിന്റെ ഖിലാഫത്ത് കാലത്താണ് ഹദ്റത്ത് ഖത്ബ ബ്ൻ ആമിർ വഫാത്തായതെന്ന് അബൂഹാത്തിം നിവേദനം ചെയ്യുന്നു. എങ്കിലും ഇബ്നു ഹബാനിന്റെ അഭിപ്രായത്തിൽ ഹദ്റത്ത് ഉസ്മാന്റെ ഖിലാഫത്ത് കാലത്താണ് ഇദ്ദേഹം വഫാത്തായത്.

മൂന്നാമത്തെ സഹാബി, വഹബ് ബ്നു റബീഅയുടെ മകൻ ശുജാഅ് ബ്ൻ വഹബ് ആണ്. യമാമ യുദ്ധത്തിലാണ് അദ്ദേഹം വഫാത്തായത്. ശുജാഅ് ബ്നു അബീ വഹബ് എന്നും അദ്ദേഹം വിളിക്കപ്പെടുന്നു. ഇദ്ദേഹത്തിന്റെ കുടുംബം ബനൂ അബ്ദുശംസ് ഗോത്രവുമായി സൗഹൃദ കരാറിൽ ഏർപ്പെട്ടിരുന്നു. നീണ്ടുമെലിഞ്ഞ നല്ല മുടിയുള്ള ആളായിരുന്നു അദ്ദേഹം.

നബി(സ)തിരുമേനിയുടെ ആദ്യകാലസഹാബികളിലാണ് ഹദ്റത്ത് ശുജാഅ് ഗണിക്കപ്പെടുന്നത്. തിരുമേനി പ്രവാചകനായി നിയോഗിതനായി 6 വർഷം പിന്നിട്ടതിനു

ശേഷം അവിടുത്തെ നിർദേശപ്രകാരം അബ്സ്സീനിയയി ലേക്കു പോയ മുഹാജിറുകളുടെ രണ്ടാം സംഘത്തിൽ അദ്ദേഹം ഉണ്ടായിരുന്നു. കുറച്ചു കാലത്തിനു ശേഷം മക്ക ക്കാർ മുസ്ലിംകളായെന്ന കിംവദന്തി അദ്ദേഹം കേട്ടു. അങ്ങനെ അദ്ദേഹം അബ്സ്സീനിയയിൽ നിന്ന് മക്കയിൽ തിരിച്ചെത്തി. അതിനു ശേഷം കുറച്ചു കാലം പിന്നിട്ട പ്പോൾ നബി(സ) സഹാബാക്കളോട് മദീനയിലേക്ക് ഹിജ് റത്ത് ചെയ്യാൻ കല്പിച്ചതിനെ തുടർന്ന് തന്റെ സഹോദരൻ അഖ്ബ ബ്നു വഹബിനോടൊപ്പം മക്കയോടു വിട പറഞ്ഞു മദീനയിലേക്കു പോയി. ഹദ്റത്ത് ശുജാഅ് ബദർ, ഉഹ്ദ്, ഖന്തക്ക് ഉൾപ്പെടെ എല്ലാ യുദ്ധങ്ങളിലും നബി(സ) തിരുമേനിയോടൊപ്പം ഉണ്ടായിരുന്നു. നാല്പതോ അതിൽ അല്പം കൂടുതലോ വയസ്സുള്ളപ്പോഴാണ് യമാമ യുദ്ധ ത്തിൽ അദ്ദേഹം ശഹാദത്തു വരിക്കുന്നത്. സിറിയക്കടു ത്തുള്ള ഗോത്ത എന്ന പ്രദേശത്തെ പ്രമാണിയായ ഹാരി സ് ബ്നു ശമർ ഗുസാനിയുടെ അടുക്കലേക്ക് നബി(സ) ഹദ്റത്ത് ശുജാഇനെ പ്രബോധന സന്ദേശവുമായി അയ ച്ചിരുന്നു. ഹിജ്റ 8ന് റബീ ഉൽ അവ്വൽ മാസം ബനൂ ഹവാസനിന്റെ ശാഖയായ ബനൂ ആമിർ ഗോത്രം മുസ് ലിംകളോട് യുദ്ധം ചെയ്യാൻ തയ്യാറെടുപ്പ് നടത്തുന്നു ണ്ടെന്ന വാർത്ത തിരുമേനിക്ക് കിട്ടി. അവിടുന്ന് 24 ഭട ന്മാരെ ഹദ്റത്ത് ശുജാഅ്ന് നല്കിക്കൊണ്ട് അവരെ തുര ത്താൻ വേണ്ടി നിയോഗിച്ചയച്ചു. ആ സമയത്ത് ബനൂ ആമിർ ഗോത്രത്തിലെ ആളുകൾ മദീനയിൽ നിന്ന് അഞ്ചു രാത്രി യാത്ര ചെയ്താലെത്തുന്ന മക്കയ്ക്കും ബസറയ്ക്കും ഇടയിലുള്ള ഒരു പ്രദേശത്ത് താവളമടിച്ചിരിക്കുകയാ യിരുന്നു. ഹദ്റത്ത് ശുജാഅ് ഭടന്മാരോടൊപ്പം രാത്രി യാത്ര ചെയ്യുകയും പകൽ മറഞ്ഞിരിക്കുകയും ചെയ്തു. ഒടുവിൽ പകലുദിക്കുമ്പോഴേക്കും അവർ ബനൂ ആമിർ ഗോത്രക്കാരുടെ നേരെ മുൻപിലെത്തി. അവിചാരിതമായി മുസ്ലിംകളെ തങ്ങളുടെ മുൻപാകെ കണ്ട അവർ പരി ഭ്രാന്തരായി. യുദ്ധത്തിനു വേണ്ടി ഒരുങ്ങി കൊണ്ട് മുഴു സൈന്യവുമായി പുറപ്പെട്ടതായിരുന്നുവെങ്കിലും എല്ലാം ഉപേക്ഷിച്ച് അവർ പിന്തിരിഞ്ഞോടുകയായിരുന്നു. അവ രെ പിന്തുടരേണ്ട എന്ന് ഹദ്റത്ത് ശുജാഅ് ഭടന്മാരോട് കല്പിച്ചു. അവർ ഉപേക്ഷിച്ചു പോയ ഒട്ടകങ്ങളും ആടുക ളുമടങ്ങിയ യുദ്ധമുതലുകൾ അവർ മദീനയിലെത്തിച്ചു. ഓരോ ഭടനും പതിനഞ്ച് ഒട്ടകങ്ങൾ വീതം ലഭിച്ചതിൽ നിന്ന് യുദ്ധ മുതലുകൾ എത്രയുണ്ടായിരുന്നുവെന്ന് ഊഹിക്കാവുന്നതേയുള്ളു. മറ്റു സാധനസാമഗ്രികളെ കൂടാതെയാണിത്. അതായത്, ആക്രമണകാരികൾ പൂർണ തയ്യാറെടുപ്പോടും യുദ്ധസന്നാഹങ്ങളോടും കൂടിയാണ് വന്നതെന്ന് മനസ്സിലാക്കാം.

ഇനി ഞാൻ ഹദ്റത്ത് ശമാസ് ബ്നു ഉസ്മാനെക്കുറിച്ച് പരാമർശിക്കുന്നതാണ്. ഉസ്മാൻ ബ്നു ശുറൈദ് ആയി രുന്നു ഇദ്ദേഹത്തിന്റെ പിതാവ്. ഹിജ്റ 3ന് ഉഹ്ദ് യുദ്ധ ത്തിലാണ് ഇദ്ദേഹം വഫാത്തായത്. ഉസ്മാൻ എന്നാണ് ഇദ്ദേഹത്തിന്റെ പേര്. ശമാസ് എന്നത് വർഗനാമം ആണ്. ബനൂമഖ്സും ഗോത്രക്കാരനായ ഇദ്ദേഹം ആരംഭത്തിൽ തന്നെ ഇസ്ലാം സ്വീകരിച്ചിരുന്നു. അബ്സ്സീനിയയി ലേക്കു പോയ രണ്ടാം അഭയാർഥി സംഘത്തിൽ ഹദ്റത്ത് ശമാസ് ബ്നു ഉസ്മാനും അദ്ദേഹത്തിന്റെ മാതാവ് സഫിയ ബിൻത് റബീ അബ്നു അബ്ദുശംസും ഉണ്ടായിരുന്നു. ഇദ്ദേഹത്തിന്റെ മാതാവ് ബദർ യുദ്ധത്തിൽ കൊല്ലപ്പെട്ട മക്കയിലെ പ്രമാണിമാരായ ശഅ്ബയുടെയും അത്ബയു ടെയും സഹോദരിയാണ്. അബ്സ്സീനിയയിൽ നിന്ന് തിരി ച്ചെത്തിയ ശേഷം അദ്ദേഹം മദീനയിലേക്ക് ഹിജ്റത്ത് ചെ യ്തു. നബി(സ) തിരുമേനി ഹദ്റത്ത് ശമാസ് ബ്നു ഉസ് മാനും ഹദ്റത്ത് ഹൻളല ബ്നു അബൂ ആമിറും തമ്മിൽ സാഹോദര്യ ബന്ധം സ്ഥാപിച്ചു.

ഹദ്റത്ത് ശമാസ് ബ്നു ഉസ്മാൻ ബദർ ഉഹ്ദ് എന്നീ യുദ്ധങ്ങളിൽ പങ്കെടുത്തു. ഉഹ്ദ് യുദ്ധത്തിൽ ധീരത യോടെ അദ്ദേഹം പൊരുതി. താൻ ശമാസ് ബ്നു ഉസ്മാനെ ഒരു പരിച പോലെ കണ്ടു എന്നാണ് നബി(സ) പറ ഞ്ഞത്. കഠിനമായി മുറിവേൽക്കുവോളം ഹദ്റത്ത് ശമാസ് നബി(സ)യുടെ മുൻപിൽ ഒരു പരിച പോലെ നിന്നു. മുറിവേറ്റ നിലയിൽ തന്നെ അദ്ദേഹത്തെ മദീനയിലേക്ക് കൊണ്ടു പോയി. ജീവൻ അല്പം ബാക്കിയുണ്ടായിരുന്ന അദ്ദേഹത്തെ ഹദ്റത്ത് ആയിശയുടെ അടുക്കലേക്കാണ് കൊണ്ടു പോയത്. ഹദ്റത്ത് ഉമ്മെ സൽമ പറഞ്ഞു: എന്റെ പിതൃസഹോദര പുത്രനെ മറ്റാരുടെയെങ്കിലും വീട്ടിൽ കൊണ്ടു പോവുകയോ? അദ്ദേഹത്തെ ഹദ്റത്ത് ഉമ്മെ സൽമായുടെ അടുക്കലേക്കു കൊണ്ടു പോകാൻ നബി(സ)തിരുമേനി നിർദേശിച്ചു. അങ്ങനെ അദ്ദേഹത്തെ അങ്ങോട്ടു കൊണ്ടു പോയി. അവിടെ വെച്ചാണ് അദ്ദേഹം വഫാത്തായത്. അതിനു ശേഷം നബി(സ)തിരുമേനി ഉഹ്ദ് പ്രദേശത്തേക്കു കൊണ്ടു പോയി അതേ വസ്ത്രത്തിൽ തന്നെ അദ്ദേഹത്തെ മറവു ചെയ്തു. മുപ്പത്തി നാലാമത്തെ വയസ്സിലാണ് ഹദ്റത്ത് ശമാസ് വഫാത്തായത്.

മറ്റൊരു സഹാബി, ഹദ്റത്ത് അബൂ അബസ് ബ്നു ജബർ ആണ്. അദ്ദേഹത്തിന്റെ പിതാവിന്റെ പേര് ജബർ ബ്നു അംറ് എന്നായിരുന്നു. ഹിജ്റ 34ന് എഴുപതാമത്തെ വയസ്സിലാണ് അദ്ദേഹം വഫാത്താകുന്നത്. അൻസാറു കളിലെ ബനൂഹാരിസ ഗോത്രക്കാരനാണദ്ദേഹം. ജാഹി ലിയ്യാ കാലഘട്ടത്തിൽ അദ്ദേഹത്തിന്റെ പേര് അബ്ദുൽ ഉസ്സാ എന്നായിരുന്നു. നബി(സ) ആ പേരു മാറ്റി അബ്ദു റഹ്മാൻ എന്നാക്കി. ബദർ ഉൾപ്പെടെ എല്ലാ യുദ്ധത്തിലും അദ്ദേഹം തിരുമേനിയോടൊപ്പം ഉണ്ടായിരുന്നു. കഅബ് ബ്നു അശ്റഫ് എന്ന യഹൂദിയെ വധിച്ച സഹാബാ ക്കളിൽ ഇദ്ദേഹവുമുണ്ടായിരുന്നു.

ഹദ്റത്ത് അബൂ അബസും ഹദ്റത്ത് ഉനൈസും തമ്മിൽ

നബി(സ) സാഹോദര്യം സ്ഥാപിച്ചു. ഇദ്ദേഹത്തിന്റെ ജനാസ നമസ്കരിപ്പിച്ചത് ഹദ്റത്ത് ഉസ്മാൻ(റ) ആണ്. ജന്നത്തുൽ ബഖീഇലാണ് മറവു ചെയ്തത്. നബി(സ)യുടെ കാലത്ത് അദ്ദേഹത്തിന് കാഴ്ച നഷ്ടപ്പെട്ടിരുന്നു. അദ്ദേഹത്തിന് ഒരു ഊന്നു വടി നല്കിക്കൊണ്ട് നബി(സ) പറഞ്ഞു, “ഈ വടി മുഖേന നിങ്ങൾ വെളിച്ചം തേടുക.”. അങ്ങനെ ആ വടി അദ്ദേഹത്തിനു മുൻപാകെ വെളിച്ചം പകർന്നു കൊണ്ടിരുന്നു.

ഹുസൂർ തിരുമനസ്സ് പറഞ്ഞു: ഒരു നിവേദനത്തിൽ വന്നിരിക്കുന്നു: വാഗ്ദത്ത മസീഹിന്റെ മൂന്നു സഹാബാക്കൾ യാത്രയിലായിരുന്നു. ഇരുൾ മുറ്റിയ രാത്രി. തങ്ങളുടെ മുൻപാകെ വെളിച്ചം വന്നു കൊണ്ടിരിക്കുന്ന ആ കാഴ്ച അല്ലാഹു അവർക്കും കാണിച്ചു കൊടുത്തു.

രോഗിയായപ്പോൾ ഹദ്റത്ത് ഉസ്മാൻ(റ) അദ്ദേഹത്തെ സന്ദർശിക്കാൻ വന്നു. ബോധമില്ലാത്ത അവസ്ഥയിലായിരുന്നു അദ്ദേഹം. ബോധം വന്നപ്പോൾ സ്വന്തം അവസ്ഥയെക്കുറിച്ച് തങ്കളെന്താണ് കാണുന്നതെന്ന് ഹദ്റത്ത് ഉസ്മാൻ ചോദിച്ചു. അദ്ദേഹം പറഞ്ഞു: “നല്ല അവസ്ഥയിലാണ് ഞാൻ എന്നെ കാണുന്നത്; ഒട്ടകത്തിന്റെ മുട്ടുകാൽ കെട്ടുന്ന കയറൊഴികെ. എനിക്കും ജോലിക്കാർക്കും അബദ്ധത്തിൽ നഷ്ടപ്പെട്ടതായിരുന്നു അത്. ഇതു വരെ അതിൽ നിന്ന് മോചനം ലഭിച്ചിട്ടില്ല.”

ഹദ്റത്ത് അനസി(റ)ൽ നിന്ന് നിവേദനം: നബി(സ) തിരുമേനിയേക്കാൾ നേരത്തെ അസർ നമസ്കരിക്കുന്ന മറ്റാരും ഉണ്ടായിരുന്നില്ല. മസ്ജിദ് നബവിയിൽ നിന്ന് ഏറ്റവും ദൂരത്ത് വീടുള്ളത് അൻസാറുകളിലെ രണ്ടാളുകളുടേതാണ്. അബൂ ലുബാബ ബ്നു അബ്ദുൽ മുന്ദിർ ആയിരുന്നു ഒരാളെങ്കിൽ മറ്റെയാൾ ഹദ്റത്ത് അബൂ അബസ് ബ്നു ജബർ ആയിരുന്നു. ഖുബാ എന്ന സ്ഥലത്തായിരുന്നു അബൂ ലുബാബയുടെ വീട്. ഹദ്റത്ത് അബൂ അബസിന്റെ വീടാകട്ടെ, ബനൂഹാരിസയിലും. ഇവർ രണ്ടു പേരും നബി(സ)തിരുമേനിയോടൊപ്പമാണ് നമസ്കരിച്ചിരുന്നത്. നമസ്കരിച്ച് സ്വന്തം സമൂഹത്തിൽ തിരിച്ചെത്തുമ്പോഴേക്കും അസർ നമസ്കാരം അവിടെ തുടങ്ങിയിട്ടുണ്ടാവുകയില്ല. ഹദ്റത്ത് അബ്ദുല്ലാഹ് ബ്നു അബസിൽ നിന്ന് നിവേദനം: നബി(സ)തിരുമേനി പറഞ്ഞു: തന്റെ ചുവടുകളെ ദൈവമാർഗത്തിൽ പൊടിപടലങ്ങളാൽ ആവൃതമാക്കിയവന് അല്ലാഹു അഗ്നി നിഷിദ്ധമാക്കിയിരിക്കുന്നു.

മറ്റൊരു സഹാബിയാണ് അബൂ അഖീൽ ബ്നു അബ്ദുല്ലാഹ് അൻസാരി. ഇദ്ദേഹത്തിന്റെ പിതാവിന്റെ പേര് അബ്ദുല്ലാഹ് ബ്നു സഅ്ലബ എന്നായിരുന്നു. ഹിജ്റ 12 ന് യമാമ യുദ്ധത്തിലാണ് അദ്ദേഹം വഫാത്തായത്. ഇദ്ദേഹത്തിന്റെ പേര് അബ്ദുൽ ഉസ്സാ എന്നായിരുന്നു. ഇസ്ലാം സ്വീകരിച്ചതിനു ശേഷം നബി(സ) അബ്ദുറഹ്മാൻ എന്ന് പേരിട്ടു. ബലീഅ് ഗോത്രത്തിന്റെ ഒരു ശാഖയായ ബനൂ അനീബുമായിട്ടാണ് ഇദ്ദേഹത്തിന്റെ ബന്ധം.

ബദർ, ഉഹ്ദ്, ഖന്തക്ക് തുടങ്ങീ എല്ലാ യുദ്ധങ്ങളിലും അദ്ദേഹം തിരുമേനിയോടൊപ്പം ഉണ്ടായിരുന്നു. ഹിജ്റ 12ന് ഹദ്റത്ത് അബൂബക്കറിന്റെ കാലഘട്ടത്തിൽ യമാമ യുദ്ധത്തിലാണ് അദ്ദേഹം ശഹീദായത്. നബി(സ) സദഖ നല്കാനുള്ള കല്പന നല്കിയാൽ രാത്രി മുഴുവനും ജോലി ചെയ്ത് കിട്ടുന്നതൊക്കെ സദഖ നല്കുന്ന സഹാബിയായിരുന്നു അദ്ദേഹം. ബുഖാരിയിലും അദ്ദേഹത്തെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. ഹദ്റത്ത് അബൂ മസ്ഊദ് വിവരിക്കുന്നു: ഞങ്ങളോട് സദഖ നല്കാൻ കല്പിക്കുമ്പോൾ ആ സമയത്ത് ഞങ്ങൾ കൂലിക്ക് ഭാരം ചുമക്കുമായിരുന്നു.

അല്ലാമ ഇബ്നു ഹജർ അസ്ഖലാനി പറയുന്നു: അവരെ സാഹിബുസ്സാഅ് എന്നും വിളിക്കുന്നു. സംഭവം ഇപ്രകാരമാണ്: ഹദ്റത്ത് അബ്ദുറഹ്മാൻ ബ്നു ഔഫ് തന്റെ പകുതി സമ്പത്തുമായി വന്നു. അൻസാറുകളിലെ ദരിദ്രരായ മുസ്ലിംകളിൽ നിന്ന് അബൂ അഖീൽ എന്നയാൾ മുന്നോട്ടു വന്ന് പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ, ഞാൻ മൂന്നു കിലോ ഈന്തപ്പഴത്തിനു വേണ്ടി രാത്രി മുഴുവനും കിണറിൽ നിന്ന് വെള്ളം വലിച്ചു കൊണ്ടിരുന്നു. ഒന്നര കിലോ ഞാൻ എന്റെ കുടുംബത്തിന് മാറ്റി വെച്ചിരിക്കയാണ്. ബാക്കിയുള്ള ഒന്നര കിലോയാണിത്. അപ്പോൾ മുനാഫിഖുകൾ പറഞ്ഞു: “അല്ലാഹുവിനും അവന്റെ റസൂലിനും അബൂ അഖീലിന്റെ ഈന്തപ്പഴം ആവശ്യമില്ല.” അല്ലാഹു പറഞ്ഞു: “ഇവർ മുനാഫിഖുകളാണ്. വിശ്വാസികളിൽ നിന്ന് സന്തോഷത്തോടെ സദഖ നല്കാൻ മുന്നോട്ടു വരുന്നവരെ ഇവർ പരിഹസിക്കുന്നു. കഠിനാധ്വാനം കൊണ്ടു മാത്രം വല്ലതു നല്കാൻ കഴിയുന്നവരെയും ഇവർ പരിഹസിക്കുന്നു.”

ഇദ്ദേഹമാണ് മുസൈലിമത്തുൽ കദ്ദാബിനെ അവസാനമായി വെട്ടിയത്. ഇബ്നു സഅദ് വിവരിക്കുന്നു: യമാമ യുദ്ധദിവസം മുസ്ലിംകളിൽ ഏറ്റവുമാദ്യം മുറിവേറ്റത് അബൂ അഖീൽ ഉനൈഫിക്കാണ്. തോളിനും നെഞ്ചിനുമിടയിൽ അമ്പേറ്റതിനാൽ അമ്പ് വളഞ്ഞു പോയതോടെ അദ്ദേഹം ശഹീദായില്ല. ഘോരയുദ്ധം നടന്നു കൊണ്ടിരിക്കെ അദ്ദേഹത്തെ കൂടാരത്തിലേക്ക് എടുത്തു കൊണ്ടു വന്നു. ഹദ്റത്ത് മഅൻ ബ്നു അദീയുടെ ശബ്ദം അദ്ദേഹം കേട്ടു. യുദ്ധത്തിനായി അൻസാറുകളെ പ്രേരിപ്പിച്ചു കൊണ്ടിരിക്കുകയായിരുന്നു അദ്ദേഹം.

ഹദ്റത്ത് അബ്ദുല്ലാഹ് ബ്നു ഉമർ പറയുന്നു: അതു കഴിഞ്ഞ് അൻസാറുകളുടെ അടുക്കലേക്ക് പോകുന്നതിനു വേണ്ടി ഹദ്റത്ത് അബൂ അഖീൽ എഴുന്നേറ്റു. ഞാൻ പറഞ്ഞു: ‘അബൂ അഖീൽ! താങ്കളെന്താണ് ആഗ്രഹിക്കുന്നത്. താങ്കൾക്ക് യുദ്ധം ചെയ്യാനുള്ള ശക്തിയില്ലല്ലോ’. അദ്ദേഹം പറഞ്ഞു: ‘ആ വിളിക്കുന്നയാൾ എന്റെ പേരെ

ടുത്തു കൊണ്ടാണ് വിളിക്കുന്നത്.' ഞാൻ പറഞ്ഞു: 'അദ്ദേഹം അൻസാറുകളെയല്ലേ വിളിക്കുന്നത്; മുറിവേറ്റവരെയല്ലല്ലോ. യുദ്ധം ചെയ്യാൻ കഴിയുന്നവരെയാണ് അദ്ദേഹം വിളിക്കുന്നത്.' ഹദ്റത്ത് അബൂ അഖീൽ പറഞ്ഞു: 'അദ്ദേഹം വിളിച്ചത് അൻസാറുകളെയാണല്ലോ.ഞാൻ മുറിവേറ്റവനാണെങ്കിലും അൻസാറാണ്. അതുകൊണ്ട് അദ്ദേഹം വിളിച്ചതിനാൽ ഞാൻ എന്തായാലും പോകും; മുട്ടിലിഴഞ്ഞു പോകേണ്ടി വന്നാലും ശരി'. ഹദ്റത്ത് ഇബ്നു ഉമർ പറയുന്നു: ഹദ് റത്ത് അബൂ അഖീൽ യുദ്ധത്തിനു വേണ്ടി ഒരുങ്ങി. വലതു കൈയിൽ വാളെടുത്തു കൊണ്ട് വിളിച്ചു പറഞ്ഞു: അൻസാറുകളേ, ഹുനൈൻ യുദ്ധത്തിലേതു പോലെ ശത്രുക്കളെ വീണ്ടും ആക്രമിക്കുവിൻ! അങ്ങനെ അൻസാറുകൾ ഒരുമിച്ചു കൂടി. അല്ലാഹു അവരുടെ മേൽ കരുണ ചൊരിഞ്ഞു. മുസ്‌ലിംകൾ ധീരതയോടെ മുന്നോട്ടു കുതിച്ചു. ഏതുവരെയെന്നാൽ ശത്രുക്കൾ യുദ്ധക്കളം വിട്ട് തോട്ടത്തിലൊളിക്കാൻ നിർബന്ധിതരായി. ഹദ്റത്ത് ഇബ്നു ഉമർ പറയുന്നു: ഞാൻ ഹദ്റത്ത് അബൂ അഖീലിനെ കണ്ടു. അദ്ദേഹത്തിന്റെ കൈ തോളിൽ നിന്നറ്റ് നിലത്ത് വീണു കിടക്കുകയായിരുന്നു. 14 മാരകമായ മുറിവുകൾ അദ്ദേഹത്തിന് ഏല്ക്കുകയുണ്ടായി. അല്ലാഹുവിന്റെ ശത്രു മുസൈലിമയും കൊല്ലപ്പെട്ട് അവിടെ കിടക്കുന്നുണ്ടായിരുന്നു. ഹദ്റത്ത് അബൂ അഖീൽ നിലത്തു കിടന്ന് അവസാനശ്വാസം വലിക്കുകയായിരുന്നു. ഞാൻ കുനിഞ്ഞു കൊണ്ട് അദ്ദേഹത്തോട് പറഞ്ഞു: ഏ അബൂ അഖീൽ! അദ്ദേഹം പറഞ്ഞു: ലബ്ബൈക്ക്, ഞാൻ ഇവിടെയുണ്ട്. ജയം ആർക്കാണെന്ന് അദ്ദേഹം വിറച്ചു കൊണ്ട് ചോദിച്ചു. ഞാൻ പറഞ്ഞു: മുസ്‌ലിംകൾ ജയിച്ചെന്ന സന്തോഷവാർത്ത താങ്കളെ അറിയിക്കുന്നു. ഞാൻ ഉച്ചത്തിൽ വിളിച്ചു പറഞ്ഞു: അല്ലാഹുവിന്റെ ശത്രു മുസൈലിമ കൊല്ലപ്പെട്ടിരിക്കുന്നു. അപ്പോൾ അദ്ദേഹം അല്ലാഹുവിനെ സ്തുതിച്ചു കൊണ്ട് ആകാശത്തേക്ക് വിരലുയർത്തി ഇഹലോകം വെടിഞ്ഞു. അല്ലാഹു അദ്ദേഹത്തിനു മേൽ കരുണ ചൊരിയട്ടെ. എല്ലാ സഹാബാക്കളുടെയും പദവികൾ അല്ലാഹു ഉയർത്തിക്കൊണ്ടിരിക്കുമാറാകട്ടെ.

ഹുസൂർ തിരുമനസ്സ് പറഞ്ഞു; നമസ്കാരത്തിനു ശേഷം ഞാൻ രണ്ടു ജനാസ ഗായിബ് നമസ്കരിപ്പിക്കുന്നതാണ്. ആദ്യത്തെ ജനാസ ബംഗ്ലാദേശ് മുബല്ലിഗായ മൗലാനാ അബ്ദുൽ അസീസ് സാദിഖ് സാഹിബിന്റേതാണ്. 2018 ജൂലായ് 26ന് അദ്ദേഹം വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലൈഹി റാജിഊൻ. നാലാം തരത്തിൽ പഠിച്ചു കൊണ്ടിരിക്കുമ്പോഴാണ് ഖാദിയാനിലേക്ക് പഠിക്കാൻ വേണ്ടി പോയത്. അവിടെ വാഗ്ദത്ത മസീഹിന്റെ സഹാബാക്കളുടെ സഹവാസത്തിൽ വളരാനുള്ള അവസരം അദ്ദേഹത്തിനു ലഭിച്ചു. ഇന്ത്യാവിഭജനത്തിനു ശേഷം വിദേശവിദ്യാർഥികൾ സ്വന്തം നാട്ടിൽപോകണമെന്നുള്ള നിർദേശം ഉണ്ടായപ്പോൾ അദ്ദേഹം ബംഗ്ലാദേശിലേക്ക് തിരിച്ചു വന്നു. ജാമിയ അഹ്മദിയ്യയിൽ നിന്നും ശാഹിദ് ഡിഗ്രി കരസ്ഥമാക്കിയതിനു ശേഷം മൗലവി ഫാളിൽ ഡിഗ്രിയും അദ്ദേഹം കരസ്ഥമാക്കി. അതിനു ശേഷം വിവിധ സ്ഥലങ്ങളിൽ മുബല്ലിഗായി സേവനമനുഷ്ഠിക്കാൻ അവസരം ലഭിച്ചു. ബംഗ്ലാ ഭാഷയിൽ വിശുദ്ധ ഖുർആൻ തർജമ ചെയ്യുന്നതിനു വേണ്ടി രൂപീകരിച്ച ബോർഡിൽ അദ്ദേഹം മെമ്പറായിരുന്നു. ദൈവമാർഗത്തിൽ തടവുശിക്ഷ വരിക്കാനുള്ള ഭാഗ്യവും സിദ്ധിച്ചു. സന്തപ്ത കുടുംബങ്ങളിൽ ഭാര്യയെ കൂടാതെ മൂന്ന് മകളും രണ്ടു മകനും പേരമക്കളുമുണ്ട്. അല്ലാഹു പരേതന്റെ പദവികൾ ഉയർത്തുമാറാകട്ടെ. മക്കൾക്ക് ഇദ്ദേഹത്തിന്റെ നന്മകൾ നില നിർത്താൻ സാധിക്കുമാറാകട്ടെ.

രണ്ടാമത്തെ ജനാസ സയ്യിദ് വാലനൻകാനയിലെ ബിശാറത്ത് അഹ്മദ് സാഹിബിന്റെ മകൻ മുഹമ്മദ് സഫറുല്ലാഹ് സാഹിബ് ശഹീദിന്റേതാണ്. ആഗസ്റ്റ് 29 ന് നൻകാന ജില്ലയിലെ അദ്ദേഹത്തിന്റെ കടയിൽ മഗ്രിബ് നേരത്ത് കൊള്ളക്കാർ ആക്രമണം നടത്തി അദ്ദേഹത്തെ വെടിവെച്ചു ശഹീദാക്കുകയായിരുന്നു. ഇന്നാ ലില്ലാഹി.. .. ..

അല്ലാഹു പരേതരുടെ പദവികൾ ഉയർത്തുമാറാകട്ടെ. ഇവരുടെ കുടുംബത്തിന് ക്ഷമയും ധൈര്യവും നല്കുമാറാകട്ടെ. ഇവരുടെ നന്മകൾ നിലനിർത്താൻ സാധിക്കുമാറാകട്ടെ.

Friday Sermon delivered by **Hadrath Khaleefathul Masih Al-khamis** (atba)
at Baithul Futuh,London – on 31.08.18
Malayalam Translation : **Moulvi Arif Mohammad,** For Malayalam Desk,Qadian.
Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516